"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട അബ്ദുൽ മുഗാദീറിന്റെ മകനും ആശ്രിതനുമായ ശ്രീ.ആഷിക്ക് എ.എം., നെ കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിബി)വകുപ്പ്

സ.ഉ.(കൈ) നം.240/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:-

1. ജി.ഒ. (പി) നം. 12/99/പി&എ ആർ.ഡി തീയതി, 24.5.1999.
2. 21.02.2018-ലെ സ.ഉ.(കൈ) നം.5/2018/ഉഭപവ നമ്പർ ഉത്തരവ്.
3. ശ്രീ. ആഷിക്ക്. എ. എം ന്റെ 08.03.2021 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 08.04.2021ലെ PAN/4498/2021 – E14 (DP) നം. കത്ത്.
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 09.09.2021ലെ DCKKD/4875/2021- എസ്4 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട അബ്ദുൽ മുഗാദീറിന്റെ മകനും ആശ്രിതനുമായ ശ്രീ.ആഷിക്ക് എ.എം., സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ കോഴിക്കോട് ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ 10.12.2020 - ലാണ് അബ്ദുൽ മുഗാദീർ നിര്യാതനാവുന്നത്. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ സേവന സാക്ഷ്യപത്രം പ്രകാരം ടിയാൻ 25 വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ഭാര്യ, മകൻ (അപേക്ഷകൻ), മകൾ എന്നിവർ ഉൾപ്പെടുന്ന മൂന്ന് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകനായ ശ്രീ.ആഷിക്ക് എ.എം., ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്.

ജനന സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ അപേക്ഷകന് 18 വയസ്സ് പൂർത്തിയായിട്ടുണ്ട് . അപേക്ഷകന്റെ ജനന തീയതി 22.11.2001 ആണ്. ശ്രീ.ആഷിക്ക് എ.എം., കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.അപേക്ഷകൻ പ്ലസ് ടു പാസ്സായിട്ടുണ്ട്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ശ്രീ.ആഷിക്ക് എ.എം., ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 7,43,040/- രൂപയാണെന്ന് ചെവയൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പരാമർശം (1) ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട അബ്ദുൽ മുഗാദീറിന്റെ മകനും ആശ്രിതനുമായ ശ്രീ.ആഷിക്ക് എ.എം. (കടമ്പോട്ട് ഹൗസ്, ആറാംകണ്ടം പറമ്പ, നേരിക്കുന്ന്. പി. ഒ, കോഴിക്കോട്) കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ടി ആശ്രിതനിയമനം ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരേതനായ അബ്ദുൽ മുഗാദീറിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ വരുത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് അവയുടെ സാധുത ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

5. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നല്കുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ശ്രീ.ആഷിക്ക് എ.എം., ന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

1. ശ്രീ.ആഷിക്ക് എ.എം., കടമ്പോട്ട് ഹൗസ്, ആറാംകണ്ടം പറമ്പ, നേരിക്കുന്ന്. പി. ഒ, കോഴിക്കോട് - 673012 (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, കോഴിക്കോട്.
4. ഡയറക്ടർ, ഐ. കെ. എം., തിരുവനന്തപുരം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 21-10-2021 14:42:07
Reason: Approved

സെക്ഷൻ ഓഫീസർ